കയർ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി വിനിയോഗിച്ച സംഖ്യ

145 [2135] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് നിലവിൽ വന്നതിനുശേഷം കയർ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി എത്ര സംഖ്യ ലഭിച്ചിട്ടുണ്ട്;

(ബി) ഈ സംഖ്യ വിനിയോഗിച്ചതിൻെറ വിശദാംശം ലഭ്യമാക്കാമോ; ഇതിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുവേണ്ടി എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) കേന്ദ്രം അനുവദിച്ച സംഖ്യയിൽ നിന്ന് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് എത്ര സംഖ്യ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ ഗവൺമെൻറ് നിലവിൽ വന്നതിനുശേഷം കയർ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി 8,733.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സംഖ്യ വിനിയോഗിച്ചതിൻെറ വിശദാംശം അടങ്ങുന്ന സ്റ്റേറ്റ്മെൻറ് അനുബന്ധമായി വച്ചിട്ടുണ്ട്†. ഇതിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുവേണ്ടി 1,490.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രം അനുവദിച്ച സംഖ്യയിൽ നിന്ന് സഹകരണ സംഘങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്:

2001-02	..	106.00 ലക്ഷം
2002-03	..	167.10 ,,
2003-04	..	105.00 ,,
2004-05	..	209.00 ,,
ആകെ	..	587.10 ,,

കയർ മേഖലയിലെ സ്തംനോവസ്ഥ പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ

146 [2136] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡ് ചെലവഴിക്കുന്ന തുകയിൽ കേരളത്തിനു വേണ്ടി കഴിഞ്ഞ 4 വർഷങ്ങളിൽ ഉപയോഗിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ബോർഡ് കേരളത്തിൽ ഏതെല്ലാം പദ്ധതികൾക്കു വേണ്ടിയാണ് പണം ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് ഗവൺമെൻറ് നൽകിയിട്ടുള്ള എന്തെങ്കിലും പുതിയ പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്;

(ഡി) കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് എന്തെങ്കിലും സഹായം കയർ ബോർഡ് മുഖേന കേരളത്തിന് ലഭിക്കുന്നുണ്ടോ?

ഉത്തരം

(എ) കയർ ബോർഡ് ചെലവഴിക്കുന്ന തുകയിൽ കേരളത്തിനു വേണ്ടി കഴിഞ്ഞ 4 വർഷങ്ങളിൽ വിവിധ പദ്ധതികളിലായി 814.19 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ, ഡൊമസ്റ്റിക് മാർക്കറ്റ് പ്രൊമോഷൻ, മഹിളാ കയർ യോജന, വെൽഫെയർ മെഷേഴ്സ്, ഡവലപ്പ്മെൻറ് ഓഫ് ഇൻഫ്രാസ്ട്രക്ചർ, കോ-ഓപ്പറേറ്റിവൈസേഷൻ-ഐ. സി. ഡി. പി.-കേരള എന്നീ പദ്ധതികൾക്കാണ് കയർ ബോർഡ് കേരളത്തിൽ പണം ചെലവഴിക്കുന്നത്. കൂടാതെ ട്രേഡ് ഇൻഫർമേഷൻ സർവ്വീസസ് എക്കണോമിക്ക് മാർക്കറ്റ് റിസേർച്ച്, സയൻസ് & ടെക്നോളജി, കാളിറ്റി ഇംപ്രൂവ്മെൻറ് എന്നീ പദ്ധതികളും മൂലവും കേരളത്തിന് ഗുണം ലഭിക്കുന്നുണ്ട്. കയർ ബോർഡും സംസ്ഥാന ഗവൺമെൻറും ചേർന്നു നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രെഡേഷൻ പദ്ധതി പ്രകാരം ആലപ്പുഴ കയർ ക്ലസ്റ്ററിനുവേണ്ടി 56.8 കോടി രൂപയുടെ ഒരു പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2004-05-ൽ ആദ്യഗഡുവായ 14.2 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി കയർ ബോർഡു വഴി കേന്ദ്ര ഗവൺമെൻറ് ലഭ്യമാക്കിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്; പുതിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു:

1. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 8 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

2. പാക്കേജ് സ്കീം അസിസ്റ്റൻസ് പ്രകാരം 131 കയർ/കയറുൽപ്പന്ന സഹകരണ സംഘങ്ങൾക്ക് 1.35 ലക്ഷം രൂപ വീതം ഗ്രാൻറായി 177 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം നടത്തി. സ്വന്തമായി സ്ഥലമില്ലാത്ത സംഘത്തിന് സ്ഥലം വാങ്ങാനും കെട്ടിടം വയ്ക്കാനും മെഷിനറികൾ/ഉപകരണങ്ങൾ എന്നിവ വാങ്ങാനും വൈദ്യുതി കുടിശ്ശിക അടയ്ക്കാനും പ്രവർത്തന മൂലധനത്തിനു വേണ്ടിയും ഈ തുക ഉപയോഗിക്കാവുന്നതാണ്.

3. വനിതാ കയർ തൊഴിലാളികൾക്ക് 1/4 എച്ച്. പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലനം നൽകി. മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ വിതരണം ചെയ്തു വരുന്നു. വനിതാ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ (SHGS) രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്നു. ഈ വർഷം 30,000 വനിതാ കയർ തൊഴിലാളികളുടെ ഇത്തരത്തിലുള്ള സംഘങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. കയറിനും കയറുൽപ്പന്നങ്ങൾക്കും പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് എന്ന പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ആണ്.

5. ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന സർക്കാരും കയർ ബോർഡും ചേർന്ന് ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ച് 14.2 കോടി രൂപ 2004-05 സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുണ്ട്. തൊണ്ടിൽ നിന്ന് ചകിരി വേർതിരിക്കൽ പ്ലാന്റ്, കയറുൽപ്പാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ഭൂവസ്ത്ര വികസനം, കയർ പിത്ത് സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ, മലിനീകരണ സംസ്ക്കരണ പ്ലാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. ഡീഫൈബറിംഗ് മില്ലുകളിൽ ചകിരിച്ചോറ് കുന്നുകൂടി ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനായി പിത്ത് പ്രോസസിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിനായി 30% സ്പെഷ്യൽ നിക്ഷേപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സഹകരണ മേഖലയിൽ യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50%. പരമാവധി 10 ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

8. പീഡിതവും നിഷ്ക്രിയവുമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

(ഡി) ലഭിക്കുന്നുണ്ട്. കയറിനും കയർ ഉൽപ്പന്നങ്ങൾക്കും പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണനത്തിന് പ്രൊഫഷണൽ രീതി അവലംബിക്കുന്നതിനുമായി മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് (50% കേന്ദ്ര വിഹിത പദ്ധതി) കയർ ബോർഡു വഴി കേരളത്തിന് ലഭിക്കുന്നുണ്ട്. വിദേശങ്ങളിൽ ലഭിക്കുന്ന വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിനും മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ലഭിക്കും. ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ച്ചർ അപ്ഗ്രഡേഷൻ അനുസരിച്ച് നടപ്പാക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ പദ്ധതി കയറുൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ സഹായിക്കും.

കയർ കയറ്റുമതിക്കാരിൽ നിന്നും ക്ഷേമനിധി വിഹിതം ഈടാക്കുന്നതിന് നടപടി

147 [2137] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതിക്കാർ ക്ഷേമനിധിയിലേയ്ക്ക് വിഹിതം അടയ്ക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിഹിതം അടപ്പിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly